# ‘നീ, നീ മാത്രം യഹോവ ആകുന്നു’

## സങ്കീർത്തനങ്ങൾ 91:4

“തന്റെ തൂവലുകൾകൊണ്ടു അവൻ നിന്നെ മറെക്കും; അവന്റെ ചിറകിൻ കീഴിൽ നീ ശരണം പ്രാപിക്കും”

ദൈവത്തെ തന്റെ ശരണവും, സങ്കേതവും, രക്ഷകനുമായി സങ്കീർത്തനക്കാരൻ ഈ സങ്കീർത്തനത്തിലുടനീളം പ്രതിപാദിക്കുന്നതായി നമുക്കു കാണാം. ദൈവഹിതമല്ലാതെ ഒരു ദൈവപൈതലിനെതിരായി ആർക്കും ഒന്നും ചെയ്യുവാൻ സാധിക്കുകയില്ല എന്നുള്ള ഒരു ഉറപ്പ് സങ്കീർത്തനക്കാരൻ നമുക്ക് ഇതിലൂടെ തരുന്നു. എന്നു കരുതി ഒരു ദൈവപൈതലിന്നു തന്റെ ജീവിതത്തിൽ യാതൊരു പ്രയാസങ്ങളും ഇല്ല എന്നല്ല അർത്ഥമാക്കുന്നത്, മറിച്ച് അവന്ന് അങ്ങനെയുള്ള അവസരങ്ങളിൽ അഭയം പ്രാപിപ്പാനും, ആശ്രയം വെപ്പാനും, സമാധാനം കണ്ടെത്തി അത് അനുഭവിപ്പാനുമായി ഒരു ദൈവമുണ്ടെന്നുള്ള വലിയ യഥാർത്ഥ്യത്തിലേക്ക് അവനെ അടുപ്പിക്കുകയും കൂടി ചെയ്യുന്നു ഈ സങ്കീർത്തനം.

ഒരു ദൈവപൈതലിനെ, “അത്യുന്നതന്റെ മറവിൽ വസിക്കുകയും സർവ്വശക്തന്റെ നിഴലിൻ കീഴിൽ പാർക്കുകയും ചെയ്യുന്നവൻ” എന്നുള്ള ഒരു അഭിസംബോധന ചെയ്തു കൊണ്ടാണു ഈ സങ്കീർത്തനം തുടങ്ങുന്നതു. ഒരു വ്യക്തി വിശ്വാസത്താൽ ക്രിസ്തുവിനെ സ്വീകരിക്കുമ്പോൾ അവന്നു രക്ഷ കൈവരികയും, അവൻ ഒരു ദൈവപൈതലായി മാറ്റപ്പെടുകയും ചെയ്യുന്നു. അതോടൊപ്പം ദൈവത്തിന്റെ ആത്മാവ് അവനിലേക്ക് കടന്നുവരികയും, അവനിൽ ആവസിക്കുകയും ചെയ്യും. എന്നാൽ അതു കൊണ്ട് തീർന്നില്ല, നമ്മെ തന്നെ ദൈവത്തിന്റെ മറവിൽ വസിപ്പാനും, അവനിൽ ശരണം പ്രാപിച്ച് അവന്റെ ആഗ്രഹത്തിനനുസരിച്ച് ജീവിപ്പാനുമായിട്ട് ഏൽപ്പിച്ച് കൊടുക്കിന്നില്ല എങ്കിൽ നമുക്ക് അവനുമായുള്ള ബന്ധത്തിൽ വിള്ളലുകളുണ്ടാകും. അതുവഴി നമ്മുടെ പ്രയാസങ്ങളിലും, കഷ്ടങ്ങളിലും, നമ്മുടെ ആശ്രയമായിരുന്ന അല്ലെങ്കിൽ ആശ്രയം വെക്കേണ്ട ദൈവവുമായി നമുക്ക് ഒരു ബന്ധവുമില്ലതെ ആയിത്തീരും.

എന്നാൽ ദൈവം നമ്മിൽ നിന്നു അതു ആഗ്രഹിക്കുന്നില്ല. നാം എല്ലാക്കാലത്തും അവനിൽ ആശ്രയം വെക്കണം എന്നു തന്നെയാണു അവൻ ആഗ്രഹിക്കുന്നത്, അതിനാലാണ് അവൻ നമ്മെ വീണ്ടും വീണ്ടും സ്നേഹിക്കുന്നത്, അവൻ നമുക്ക് അവന്റെ പരിശുദ്ധാത്മാവിനെ നമ്മുടെ കാര്യസ്ഥനായി കൽപ്പിച്ചയച്ചിരിക്കുന്നത്, അവന്റെ വചനത്തിന്റെ മർമ്മങ്ങളെ ഗ്രഹിപ്പാനുള്ള ജ്ഞാനം നമുക്ക് നൽകിയിരിക്കുന്നത്.

എന്നാൽ നാമോ അവന്റെ മക്കളെന്നുള്ള പദവി അലങ്കരിച്ച്, അവന്റെ സ്നേഹവും, സാന്ത്വനവും, സന്തോഷവും, സമാധാനവും അനുഭവിക്കുന്നതിന്നു മുൻപ് അവന്റെ ഹിതം എന്തെന്നു തിരിച്ചറിഞ്ഞ് അത് നിറവേറ്റുവാൻ ഏറ്റം കടപ്പെട്ടിരിക്കുന്നു. കാരണം അവൻ നമ്മെ അതുപോലെ പരിപാലിക്കുന്ന ഒരു ദൈവമാണ്.

ജീവിതത്തിൽ പല പ്രയാസങ്ങളും കടന്നുവരുമ്പോൾ, അതിനെ ചൊല്ലി ഭാരപ്പെടാൻ നമുക്ക് വളരെ എളുപ്പമാണ്. എന്നാൽ ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ നാം ഒന്നു മറന്നു പോകരുത്, നിന്റെ ഏതു സാഹചര്യങ്ങളെയും മാറ്റുവാനും, അതിൽനിന്നും തക്കരീതിയിൽ നിന്നെ വിടുവിപ്പാനും കഴിവുള്ള ഒരു ദൈവം നിനക്കുണ്ട് എന്ന്. കാരണം നമുക്ക് നേരിടുന്ന ഒരു പരീക്ഷണവും അവൻ അറിയാതെ നമ്മിലേക്ക് നേരിട്ട് കടന്നു വരുന്നവയല്ല. നമുക്ക് സഹിപ്പാൻ വഹിയാത്ത ഒരു സാഹചര്യത്തിലൂടെയും നമ്മെ കടത്തിക്കൊണ്ട് പോകുവാൻ അവൻ ആഗ്രഹിക്കുന്നില്ല. നമുക്ക് അവ വലുതെന്നു തോന്നുമെങ്കിലും മുന്നമേ അവൻ അതിന്റെ യഥാർത്ഥ വലിപ്പം ലഘൂകരിച്ചിട്ടാണ് നമ്മിലേക്ക് വിട്ട് തരുന്നത്. അങ്ങനെയെങ്കിൽ നമ്മെ വിളിച്ച വിളിക്ക് അനുസരിച്ച് അവനിൽ നമുക്ക് പൂർണ്ണ ആശ്രയവും വിശ്വാസവും ഉണ്ടാവണം.

ദൈവം ഒരുനാളും നമ്മെ നിർബന്ധത്താൽ അവനിലേക്ക് അടുപ്പിക്കുന്നില്ല, അതു നമ്മുടെ ഇഷ്ടാനുസരണം തിരഞ്ഞെടുക്കുവാൻ നമ്മെ സ്വതന്ത്രരാകിയിരിക്കുന്നു. പക്ഷെ നാം വിവേകശാലികളെങ്കിൽ, മറിയ തിരഞ്ഞെടുത്തതുപോലെ, നല്ല അംശം തിരഞ്ഞെടുത്ത്, അവന്റെ കാൽക്കലിരുന്നു, അവന്റെ നിഴലിൽ ശരണം പ്രാപിപ്പാനും അവനിൽ നിന്നും പഠിപ്പാനും, അതുവഴി അവനിൽ നിത്യമായ സന്തോഷം കണ്ടെത്താനും ശ്രമിക്കുക.

ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ ഒരോരുത്തരെയും അതിന്നായി ഒരുക്കുമാറാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**പരാമർശം :**

**നെഹമ്യാവു 9:6**

നീ, നീ മാത്രം യഹോവ ആകുന്നു; നീ അകാശത്തെയും സ്വർഗ്ഗാധിസ്വർഗ്ഗത്തെയും അവയിലെ സകല സൈന്യത്തെയും ഭൂമിയെയും അതിലുള്ള സകലത്തെയും സമുദ്രങ്ങളെയും അവയിലുള്ള സകലത്തെയും ഉണ്ടാക്കി; നീ അവയെ ഒക്കെയും രക്ഷിക്കുന്നു; ആകാശത്തിലെ സൈന്യം നിന്നെ നമസ്കരിക്കുന്നു.

**ബ്രദർ ബിനു ബേബി ആലപ്പുഴ 029**